ഓം ശ്രീ സായിരാം

# സായീ വിവേകമുത്തുകൾ

## ഓഡിയോ ഡിവിഷൻ 10C

### "ആധുനികത പരിമിതിയാണ്"

അപ്പോൾ ഞാൻ പറഞ്ഞു, "സ്വാമീ, ഞങ്ങൾ ഈ ആധുനിക സൗകര്യങ്ങളൊക്കെ ഉപയോഗപ്പെടുത്താതിരുന്നാൽ, എനിക്ക് സ്വയം ഒരു ആധുനികമനുഷ്യനാണെന്ന് പറയാനാവുമോ? ഈ സകല പ്രകൃതിവിഭവങ്ങളും ഉപയോഗപ്പെടുത്തുന്ന ഒരു ആധുനികൻ, അല്ല, അത്യാധുനികനാണ് ഞാൻ എന്നാണെന്റെ ചിന്ത. ഞാനീ പ്രകൃതിവിഭവങ്ങളൊന്നും ഉപയോഗപ്പെടുത്താതിരുന്നാൽ, എനിക്കെങ്ങനെ ആധുനികനാവാൻ പറ്റും?"




ഭഗവാൻ പറഞ്ഞു, "അല്ല, അല്ല, അല്ല! ആധുനികത ചൂഷണമല്ല. ആധുനികത പരിമിതിയാണ്. ആധുനികതയെന്നത് പ്രകൃതിവിഭവങ്ങളെ പരിമിതമായ രീതിയിൽ, അവയുടെ ഘടന മാറ്റാതെ അഥവാ അവയെ മൊത്തമായി നശിപ്പിക്കാതെ, ഉപയോഗിക്കലാണ്. അതാണ് ആധുനികത എന്നു പറഞ്ഞാൽ."

"സ്വാമീ, ശരി. ഈ ആധുനികകാലത്ത്, എങ്ങനെയെങ്കിലും സ്വാഭാവികമായും ജീവിതനിലവാരം തീർച്ചയായും ഉയരും.ശരിയാണ്, പണ്ടു കാലത്ത് നാം ടൂത്ത് പേസ്റ്റും ടൂത്ത് ബ്രഷും ഉപയോഗിച്ചിരുന്നില്ല. പക്ഷേ, ആധുനികമനുഷ്യർ ടൂത്ത് പേസ്റ്റും ടൂത്ത് ബ്രഷും ഉപയോഗിക്കുന്നു. പഴയ കാലത്ത് ഗ്യാസ് സ്റ്റൗവോ ഹീറ്റർ പോലുള്ള വസ്തുക്കളോ ലഭ്യമായിരുന്നില്ല. ഇന്ന് ആളുകൾ ഇത്തരം ഉപകരണങ്ങളെല്ലാം ഉപയോഗിക്കുന്നു. നിങ്ങളിങ്ങനെയാണോ ചിന്തിക്കുന്നത്? അതുകൊണ്ട്, സ്വാഭാവികമായും ജീവിതനിലവാരം, പ്രത്യേകിച്ച് പ്രയത്നമൊന്നും കൂടാതെതന്നെ, ആധുനികതയ്ക്കൊത്ത് ഉയരുന്നു."

അടുത്ത വസ്തുത നാം ശ്രദ്ധിക്കണം.

ബാബ പറഞ്ഞു, "ആധുനിക ജീവിതം അഥവാ നിങ്ങൾ വിളിക്കുന്ന ഈ 'ആധുനികത', ഏറ്റവും പുതിയ ജീവിതശൈലിയൊന്നുമല്ല. നിങ്ങളുടെ ആഗ്രഹങ്ങൾക്ക് കടിഞ്ഞാണിടുന്നതിലാണ് ആധുനികതയിരിക്കുന്നത്. അവനവന്റെതന്നെ ആഗ്രഹങ്ങളെ നിയന്ത്രിക്കുന്നതാണ് ആധുനികത, അതിരില്ലാത്ത ആഗ്രഹങ്ങളോടെ ജീവിക്കുന്നതല്ല."

ഭഗവാനു മാത്രം തരാനാവുന്ന എത്ര അതിശയകരമായ നിർവചനം, നമുക്ക് തീർച്ചയായും അനുകരിക്കാവുന്നത്.

## "ആഗ്രഹങ്ങളെ നിയന്ത്രിക്കുന്നതെങ്ങനെ?"

"സ്വാമീ, നാം ആഗ്രഹങ്ങളെ നിയന്ത്രിക്കേണ്ടത് ആവശ്യമാണെന്ന് ഭഗവാനിൽനിന്നും ശ്രവിച്ചതിൽ സന്തോഷം. എന്തിന്? ഞങ്ങളതെങ്ങനെ ചെയ്യും? ദയവായി എന്നോട് പറഞ്ഞാലും. ആരെങ്കിലും എന്നേക്കാൾ മെച്ചപ്പെട്ട സ്ഥിതിയിലാണെന്ന് കാണുമ്പോൾ, അവരേക്കാൾ കൂടുതൽ കൂടുതൽ മെച്ചത്തിലാവണമെന്നാണ് ഞാനാഗ്രഹിക്കുന്നത്. അവിടുന്നങ്ങനെ കരുതുന്നില്ലേ? ആഗ്രഹങ്ങളെ എങ്ങനെയാണ് നിയന്ത്രിക്കുക? അവ നിയന്ത്രിക്കപ്പെടേണ്ടവയാണെന്ന് എനിക്കറിയാം, പക്ഷേ എങ്ങനെ? എനിക്കറിയില്ല."

അപ്പോൾ, സുന്ദരമായ ഒരു പുഞ്ചിരിയോടെ, ഭഗവാൻ ഉദാരതയോടെ അരുളി, "മറ്റൊരുത്തന് മാളികയുണ്ടെന്നതിന്റെ പേരിൽ ആധിപ്പെടാതിരിക്കൂ. നിങ്ങൾക്ക് തലചായ്ക്കാൻ ഒരു വാസസ്ഥലമുണ്ടെന്നതിൽ സന്തോഷിക്കൂ. മറ്റൊരുത്തന് കാറുണ്ടെന്നതിന്റെ പേരിൽ

ആധിപ്പെടാതിരിക്കൂ. നിങ്ങൾക്ക് കാലുണ്ടെന്നതിൽ സംതൃപ്തനാവൂ. കാലുള്ളതിന് സന്തോഷവാനായിരിക്കൂ. പെട്രോളിനായി നിങ്ങൾക്ക് കാശ് മുടക്കേണ്ടാ; പെട്രോളിന് വിലക്കയറ്റം ഉണ്ടാവുമ്പോൾ അത് നിങ്ങളെ അലട്ടുകയില്ല. കാരണം, നിങ്ങൾക്ക് ഈശ്വര നിർമ്മിതമായ ടയറുകൾ, കാലുകൾ, ഉണ്ട്.''

''സ്വാമീ, ശരി. ഈ ചോദ്യത്തിന് എന്നോട് ക്ഷമിച്ചാലും. ഇന്നത്തെ ഒരു ആർഭാടം നാളത്തെ അത്യാവശ്യമായേക്കാം. ഫോൺ ഒരു ആർഭാടമായിരുന്നു; ഇന്നത് ആവശ്യകത യാണ്. റഫ്രിജറേൽക്ത ആർഭാടമായിരുന്നു; ഇന്നത് ആവശ്യകതയാണ്. സ്വാമീ, ഇതെ പ്പറ്റി എന്താണ് അവിടുന്ന് പറയുന്നത്?''




നിങ്ങൾക്കറിയാവുന്നതുപോലെ, സ്വാമിയുടെ വാക്ക് അന്തിമമാണ്. അക്കാര്യത്തിൽ അവിടുന്ന് ഒരിഞ്ചു പോലും വ്യതിചലിക്കില്ല. അവിടുന്ന് ഉടനെ പറഞ്ഞു, ''മുമ്പ് ഫോണില്ലാതെ നിങ്ങൾ കഴിഞ്ഞുകൂടിയില്ലേ? നിങ്ങൾക്ക് ഫോണേ സ്വന്തമായിട്ടില്ലാതിരുന്ന കാലത്ത് നിങ്ങൾ ജീവിച്ചല്ലോ? ഫോണില്ലാതെ അക്കാലത്ത് നിങ്ങൾ സന്തോഷവാനായിരുന്നില്ലേ? അക്കാലത്ത് ഫോണില്ലാതിരുന്നതിന്റെ പേരിൽ നിങ്ങൾക്ക് സമാധാനമില്ലായിരുന്നോ? ഫോണില്ലാതെ നിങ്ങൾക്ക് കഴിയാനാവി ല്ലെന്ന് എന്തുകൊണ്ടാണ് നിങ്ങൾ ചിന്തിക്കുന്നത്? ഈ ആശയം നിങ്ങളുടെതന്നെ സൃഷ്ടിയാണ്. ഇത് നിങ്ങളുടെ ബന്ധനങ്ങളിലൊന്നാണ്. എന്തുകൊണ്ടാണ് നിങ്ങള ങ്ങനെ പറയുന്നത്? അന്ന് നിങ്ങൾക്ക് ഇത്രയും ചെലവില്ലായിരുന്നു, നിങ്ങൾക്ക് കൂടുതൽ സ്വസ്ഥതയുണ്ടായിരുന്നു.'' ഇതാണവിടുന്ന് അരുളിയത്.

ശരിക്കും പറയുകയാണെങ്കിൽ, നിങ്ങൾ പഞ്ചനക്ഷത്രഹോട്ടലുകളിൽ, സൂപ്പർസ്റ്റാർ ഹോട്ട ലുകളിൽ പോകുന്നു. അതിന്റെ ആവശ്യമുണ്ടോ? ആവശ്യമില്ല. നിങ്ങളുടെ വിശപ്പടക്കു വാൻ, വയറ് നിറയ്ക്കുവാൻ ഒരു ലഘുഭക്ഷണം മതി. എന്തിനാണീ പാഴ്ച്ചെലവ്? ധൂർത്ത് എന്തിനാണ്? അത് ആവശ്യമേയുള്ളതല്ല.''

ഇതാണ് ഭഗവാൻ അരുളിയത്.

## “ആദ്ധ്യാത്മികവിഷയങ്ങൾ ആഗ്രഹങ്ങളല്ല”

“സ്വാമീ, ശരി. എനിക്ക് ഭഗവാനെ ദർശിക്കണമെന്ന് മോഹം. എനിക്ക് ഭഗവാനോട് സംസാരിക്കണമെന്ന് ആഗ്രഹം. ഇവ ആദ്ധ്യാത്മികാഭിലാഷങ്ങളാണ്. ഈ ആദ്ധ്യാത്മികാ ഭിലാഷങ്ങളും ആഗ്രഹങ്ങളാണോ? അവിടുന്നരുളി, ‘ആഗ്രഹങ്ങളരുത്’. എനിക്കൊരു ഇന്റർവ്യൂ വേണമെന്നുണ്ട്. എനിക്ക് അവിടുത്തെ ദർശനം വേണം. അതും ആഗ്രഹ മാണോ?”




ഇത് സുവ്യക്തമാവട്ടെ. ഭഗവാൻ അരുളി, “അല്ല. (*ചിരി*) ആദ്ധ്യാത്മികമായ ഈ അഭിലാഷങ്ങ ളൊന്നും ആഗ്രഹങ്ങളല്ല.”

“എന്തുകൊണ്ടാണത്, സ്വാമീ? ഭഗവാൻ അതി ലുൾപ്പെടുന്നതിനാ ലാണോ?” (*ചിരി*)

അവിടുന്ന് അരുളി, “അല്ലല്ല! ശരിക്ക്, എന്താണ് ആഗ്രഹം എന്നാൽ? നിങ്ങൾക്കില്ലാത്ത ഒരു വസ്തു അഥവാ സംഗതി സ്വന്തമാക്കുന്നതിനുള്ളതാണ് ആഗ്രഹം എന്നത്, ശരി യല്ലേ? നിങ്ങൾക്ക് കാറില്ല, അതിനാൽ ഒരു കാറ് വേണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നു. നിങ്ങൾക്ക് വീടില്ല, അതിനാൽ ഒരു വീട് വേണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നു, ശരി യല്ലേ? അതുകൊണ്ട്, ആഗ്രഹം എന്നത്, നിങ്ങൾക്ക് ഇല്ലാത്ത ഒന്ന് സ്വന്തമാക്കാനോ നേടാനോവേണ്ടിയുള്ളതാണ്. അത് വ്യക്തമാണല്ലോ?”

“എന്നാൽ, ആദ്ധ്യാത്മികതയിൽ നിങ്ങൾക്ക് ഇപ്പോളില്ലാത്ത ഒരു സംഗതിയും നിങ്ങൾ വാങ്ങുകയോ സ്വന്തമാക്കുകയോ ചെയ്യുന്നില്ല. നിങ്ങൾ മുമ്പുതന്നെ എന്താണോ, നിങ്ങൾക്ക് മുമ്പുതന്നെ സ്വന്തമായതെന്തോ, ആ പ്രേമം അനുഭവിക്കുകമാത്രമാണ്. പ്രേമം

ഒരു ആഗ്രഹമല്ല. നിങ്ങൾ പ്രേമസ്വരൂപരാണ്. പിന്നെ, ശാന്തി- ശാന്തി ഒരു ആഗ്രഹമല്ല. നിങ്ങൾ ശാന്തിസ്വരൂപരാണ്. അഥവാ സത്യം- സത്യം ഒരു ആഗ്രഹമല്ല. നിങ്ങൾ സത്യസ്വരൂപരാണ്. ഇനി, ഈശ്വരൻ- ഈശ്വരൻ ഒരു ആഗ്രഹമല്ല. നിങ്ങൾ ഈശ്വരനാണ്. അപ്പോൾ, അതെങ്ങനെ ഒരു ആഗ്രഹമാവും?"

ഈ വിഷയം തുടരുന്നതിന് പറ്റിയ അവസരമല്ല അതെന്ന് അപ്പോൾ ഞാനാലോചിച്ചു.

പൊടുന്നനെ സ്വാമി എന്നെ നോക്കി ചോദിച്ചു, "നിനക്കിപ്പോൾ എന്തെങ്കിലും ആഗ്രഹങ്ങളുണ്ടോ?"
ഞാൻ എന്തുപറയാനാണ്?
ഞാൻ പറഞ്ഞു, "സ്വാമീ, എനിക്ക് ആഗ്രഹങ്ങളൊന്നുമില്ല."

സ്വാമി അഭിനന്ദിക്കുമെന്നാണ് ഞാൻ കരുതിയത്. അവിടുന്ന് അങ്ങനെ ചെയ്തില്ല. (*ചിരി*)

"നിനക്ക്, കുറെ മധുരപലഹാരങ്ങളും എരിവുമൊക്കെയുള്ള വിഭവസമൃദ്ധമായ ഒരു സദ്യ കിട്ടിക്കഴിഞ്ഞു, അതുകൊണ്ടാണിപ്പോൾ നിനക്ക് ആഗ്രഹങ്ങളൊന്നുമില്ലാത്തത്. (*ചിരി*) നിനക്ക്, ഹൃദ്യമായ, ആസ്വാദ്യമായ സദ്യയാണ് കിട്ടിയത്-ശരി, എനിക്ക് മനസ്സിലാവുന്നുണ്ട്." ഇങ്ങനെയാണ് അവിടുന്ന് അരുളിയത്.

## മതി, ഗതി, സ്ഥിതി, സമ്പത്തി

ഇതുമായി ബന്ധപ്പെട്ട് അവിടുന്ന് രസകരമായ ഈ വാക്കുകൾ ഉപയോഗിക്കുകയുണ്ടായി- **മതി, ഗതി, സ്ഥിതി, സമ്പത്തി**. ആദ്യത്തെ പദമായ *മതി* എന്നാൽ മനസ്സ് എന്നാണർത്ഥം. രണ്ടാമത്തെ പദമായ *ഗതി* എന്നതിന്റെ അർത്ഥം പുരോഗതി. മൂന്നാമത്തെ വാക്ക് *സ്ഥിതി* എന്നാണ്; അർത്ഥം പരിപാലനം. നാലാമത്തെ പദമായ *സമ്പത്തി* എന്നാൽ നിങ്ങളുടെ സ്വത്തായിട്ടുള്ള ആറ് സദ്ഗുണങ്ങൾ കരസ്ഥമാക്കുകയെന്നും.
നാല് പദങ്ങൾ: *മതി* എന്നത് നിങ്ങളുടെ *ഗതി* അഥവാ ലക്ഷ്യം നിശ്ചയിക്കുന്ന മനസ്സാണ്. ഈ *ഗതി* നിലനിർത്തുകയും പുലർത്തുകയും വേണം. ഇത് പുലർത്തുന്നതിനെയാണ്

*സ്ഥിതി* എന്ന് പറയുക. അത് നിങ്ങളുടെ സമ്പത്താണ്, ഇതാണ് *സമ്പത്തി* എന്നു വിളിക്കപ്പെടുന്നത്. വ്യക്തമായോ?

അതിനാൽ, *മതി, ഗതി, സ്ഥിതി, സമ്പത്തി* ഇവ ഭഗവാൻ അനുക്രമമായി ഉപയോഗിക്കുന്ന നാല് പദങ്ങളാണ്, ഇവയ്ക്ക് ശാസ്ത്രീയ പ്രസക്തിയുമുണ്ട്. മനസ്സ്, *മതി* എങ്ങനെയോ, നിങ്ങളുടെ *ഗതി,* ലക്ഷ്യം അങ്ങനെയാവും. നിങ്ങളുടെ *ഗതി* എങ്ങനെയോ, നിങ്ങളുടെ *സ്ഥിതി,* ജീവിതത്തിന്റെ പുലരൽ, നിങ്ങളുടെ യഥാർത്ഥ സമ്പത്ത്, അങ്ങനെയാവും. നിങ്ങൾക്ക് മനസ്സിലാവുന്നുണ്ടോ? ഇക്കാര്യത്തിൽ അവിടുന്ന് ഇതാണരുളിയത്.

എന്നാൽ, ഇതെപ്പറ്റി ഭഗവാൻ ഇപ്രകാരവും അരുളിയിട്ടുണ്ട്, ‘‘നിങ്ങൾക്കെല്ലാവർക്കും ഒരു ആന്തരാന്വേഷണം, *നിവൃത്തി,* ഉണ്ടാവേണ്ടത് വളരെ ആവശ്യമാണ്. നിങ്ങൾ എല്ലായ്പോഴും ബാഹ്യമാണ്, *പ്രവൃത്തി* ആണ്. അതുകൊണ്ട് ‘‘നിങ്ങൾക്ക് സത്യം മനസ്സിലാക്കാൻ കഴിവുണ്ടാവില്ല.’’

ഇങ്ങനെയാണ് ഭഗവാൻ ആ ദിവസം അരുളിച്ചെയ്തത്.



എന്നിട്ട് സ്വാമി മനോഹരമായ ഒരു പ്രസ്താവന ചെയ്തു, അത് നമ്മൾക്കെല്ലാം തന്നെ വളരെ പ്രധാനപ്പെട്ടതാണ്.

ഭഗവാൻ പറഞ്ഞു, ‘‘നിങ്ങൾ വളരെ ചെറുപ്രായത്തിൽത്തന്നെ തിരുത്തുകയാണെങ്കിൽ, നിങ്ങളുടെ ശിഷ്ടജീവിതം ഗാരന്റിയുള്ളതാവും. ചെറുപ്പത്തിൽത്തന്നെ അച്ചടക്കവും സ്വയം തിരുത്തലും നടത്തുന്നപക്ഷം നിങ്ങൾക്ക് വിജയം സുനിശ്ചിതമാണ്. തന്നെയുമല്ല, നിങ്ങൾ എന്റെ വാക്ക് അനുസരിക്കുകയാണെങ്കിൽ, നിങ്ങൾ വിജയശ്രീലാളിതരായേ പറ്റൂ. നിങ്ങൾ ജീവിതത്തിൽ ജേതാക്കളാവുമെന്ന് ഉറപ്പാണ്.’’

പിന്നെ സ്വാമി ഒരു ഭക്തനെപ്പറ്റി ഒരു പരാമർശം നടത്തി.

“ആ ഭക്തന് എന്നിൽ പൂർണ്ണവിശ്വാസമുണ്ടായിരുന്നു. അവൻ എന്റെ നിർദ്ദേശം അനുസരിക്കുമായിരുന്നു. അവന് കിഡ്നി പ്രശ്നമുണ്ടായിരുന്നെങ്കിലും ഞാൻ പറഞ്ഞു, “പേടിക്കേണ്ട, നിനക്ക് ഓപ്പറേഷൻ വേണ്ടിവരില്ല.” അവൻ എന്റെ ആജ്ഞ അനുസരിച്ചു. ഇന്ന്, ഒരു ഓപ്പറേഷനും കൂടാതെതന്നെ, അവൻ തികച്ചും സുരക്ഷിതനായി, അക്ഷീണനായി, ആരോഗ്യവാനായി ഇരിക്കുന്നു. സ്വാമിയുടെ ആജ്ഞ അനുസരിക്കുകയാണെങ്കിൽ, നിങ്ങൾക്കും അതുപോലെയുള്ള അനുഭവങ്ങൾ ഉണ്ടാവും.”

ഇതോടെ സായാഹ്നസംഭാഷണം അവസാനിച്ചു.

## (44.04) **സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി**

സ്വാമി സൂപ്പർ സ്പെഷ്യാലിറ്റി ആസ്പത്രിയെപ്പറ്റി അരുളിച്ചെയ്ത ദിവസമാണിന്ന്. വിവിധ സ്ഥലങ്ങളിൽനിന്നുള്ള കുറേ ഡോക്ടർമാരോട് ഭഗവാൻ സൂപ്പർ സ്പെഷ്യാലിറ്റി ആസ്പത്രിയെപ്പറ്റി സംസാരിക്കുകയുണ്ടായി. ഒട്ടനവധി ആളുകൾ-കുട്ടികൾ, ചെറുപ്പക്കാർ, പ്രായമായവർ-എങ്ങനെയാണ് രക്ഷപ്പെട്ടതെന്ന് അവിടുന്ന് വെളിപ്പെടുത്തി. ജീവിതങ്ങൾ പൂർണ ദുരന്തത്തിൽനിന്നും രക്ഷപ്പെട്ടതിനെക്കുറിച്ച്, സത്യസായി ആസ്പത്രിയിൽ സാമ്പത്തിക സഹായം ഉദാരമായി വിജയകരമായി നൽകപ്പെട്ടതിനെക്കുറിച്ച്, അവിടുന്ന് പറഞ്ഞു. അവിടെ കൂടിയിരുന്ന ഒരു സംഘം ഡോക്ടർമാരോടാണ് ഭഗവാൻ ഇതെല്ലാം വിശദീകരിച്ചത്.



ഞാനും അവിടെയുണ്ടായിരുന്നു. ഞാൻ പറഞ്ഞു, ''സ്വാമീ, ഞങ്ങൾ ഇവിടെയാണ് താമസിക്കുന്നതെങ്കിലും നമ്മുടെ സ്വന്തം ആസ്പത്രിയിൽ നടക്കുന്നതെല്ലാം ഞങ്ങളറിയുന്നില്ല. അവിടുന്ന് ഇതൊക്കെ എങ്ങനെ കൈകാര്യം ചെയ്യുന്നുവെന്ന് എനിക്കറിയില്ല.''

സ്വാമി പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു, ''ആവശ്യമുള്ളത് ചെയ്യുക എന്നത് എന്റെ ധർമ്മമാണ്. എന്നോട് ചോദിക്കുക എന്നത് നിങ്ങളുടെ അവകാശമാണ്. നിങ്ങൾക്ക് എന്നോട് ആവശ്യപ്പെടാം. നിങ്ങൾക്ക് ആവശ്യപ്പെടാം-അത് നിങ്ങളുടെ അവകാശമാണ്. നിങ്ങൾക്കാവശ്യമുള്ളത് തരികയെന്നത് എന്റെ കടമയാണ്.''

എന്നിട്ട് അവിടുന്ന് ഓരോരുത്തരോടുമായി പറഞ്ഞു, ''നമ്മുടെ ആസ്പത്രിയിൽ ജോലി ചെയ്യുന്ന കുറേ ചെറുപ്പക്കാർ ഉന്നതബിരുദമുള്ളവരാണ്. അവർ ഭക്തി കാരണമാണ് ഈ ജോലി ചെയ്യുന്നത്, സാമ്പത്തികനേട്ടത്തിനല്ല. അവരിൽ പലരും ഡോക്ടർമാരല്ല, പക്ഷേ അവർ വളരെ പരിചയസമ്പന്നരും എന്തു ചെയ്യണമെന്ന് അറിയുന്നവരുമാണ്. സ്വാമിയോടുള്ള അവരുടെ പ്രേമമാണ് അവരെ ഇവിടെ നിർത്തുന്നത്.''

അവിടെ കൂടിയിരുന്ന നിരവധി ആളുകളെ സംബന്ധിച്ച് അതൊരുതരം വെളിപാടായിരുന്നു.

സായിരാം!

